## ശ്രദ്ധക്ഷണിക്കൽ

### സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് നേരിടുന്ന പ്രതിസന്ധി

ശ്രീ. ബി. സത്യൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു സ്ഥാപനത്തിന്റെ പ്രതിസന്ധി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടേയും ധന കാര്യ വകുപ്പുമന്ത്രിയുടേയും പ്രിയങ്കരനായ കേരളമുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. 1992 -ൽ ആരംഭിക്കപ്പെട്ട കേരള സ്റ്റേറ്റ് ആഡിയോവിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ 2011 -ൽ കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് എന്ന സ്ഥാപനമാക്കി മാറ്റപ്പെട്ടതിനുശേഷം അതിൽ അഭിമാനാർഹമായി ട്ടുള്ള മുന്നേറ്റമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. കെ. മുരളീധരന്റെ മണ്ഡലത്തിൽപ്പെട്ടതാണ് ഈ സ്ഥാപനം. നിരവധി നേതാക്കന്മാർ നേതൃത്വം നൽകുന്ന സംഘടനകൾ അവിടെ ഉണ്ട്. ശ്രീ. പാലോട് രവി, ശ്രീ. കെ.എൻ.എ. ഖാദർ തുടങ്ങിയ നേതാക്കന്മാർ ഉൾപ്പെടെയുള്ളവരുടെ ട്രേഡ് യൂണിയനുകൾ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണിത്. ഇത് ആദ്യ ഘട്ടങ്ങളിൽ വലിയ മുന്നേറ്റമുണ്ടാക്കിയെങ്കിലും ഇടക്കാലയളവിൽ ഒരു പ്രതിസന്ധിയിലേയ്ക്ക് പോയി. കഴിഞ്ഞ യു.ഡി.എഫ്.ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 416 ജീവനക്കാരെ ഈ സ്ഥാപനത്തിൽ നിന്നും പിരിച്ചുവി ടേണ്ട അവസ്ഥയുണ്ടായി. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ സ്ഥാപനത്തിന്റെ പ്രതിസന്ധിയെ സംബന്ധിച്ച് വളരെ ഗൗരവത്തോടുകൂടി കൂട്ടായി ചർച്ച ചെയ്ത് എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കന്മാരുമായും ആലോചിച്ചുകൊണ്ട് ഈ സ്ഥാപനത്തെ രക്ഷപ്പെടു ത്താനുള്ള പരിശ്രമം നടത്തിയതിന്റെ ഭാഗമായി ഏതാണ്ട് 2008 മുതൽ 2011 വരെയുള്ള കാലയളവിൽ ഈ സ്ഥാപനം വളരെ മെച്ചപ്പെട്ട നിലയിൽ മുന്നോട്ട് പോയി. 2010-11 -ൽ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം ഏതാണ്ട് ഒമ്പത് കോടിയിൽപ്പരം രൂപയുടെ ലാഭം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു.

2008 മുതൽ 2011 വരെ ഏതാണ്ട് മൂന്നു വർഷക്കാലം അവിടത്തെ ജീവനക്കാരും മാനേജുമെന്റും എല്ലാവരും കൂട്ടായി പരിശ്രമിച്ചതിന്റെ ഭാഗമായി ഒമ്പത് കോടി പത്തൊമ്പത് ലക്ഷത്തോളം രൂപയുടെ ലാഭം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. അതിന്റെ ഭാഗമായി ആ സ്ഥാപനത്തിന്റെ വികസനത്തിനുവേണ്ടി ചില കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞ ഗവൺമെന്റ് ആലോചിച്ചിരുന്നു. അതനുസരിച്ച് ലോട്ടറി പ്രിന്റിംഗ്, സെക്യൂരിറ്റി പ്രസ്സ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ആരംഭിച്ചു. ട്രെയിനിംഗിൽ ആവശ്യമായ മാറ്റം വരുത്താൻ കഴിഞ്ഞു. ആധുനിക പരിശീലന പരിപാടികൾ ആവിഷ്ക്കരിക്കാൻവേണ്ടിയുള്ള നടപടികൾ ആരംഭിച്ചു. വിവിധ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ടുള്ള പരിശീലന പരിപാടികൾക്ക് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ടെയിനിംഗ് (C-APT) ഇപ്പോൾ നേതൃത്വം കൊടുത്തു വരികയാണ്. തിരുവനന്തപുരം മുതൽ കണ്ണൂർവരെയുള്ള എട്ടോളം ജില്ലകളിൽ ഈ സ്ഥാപനത്തിന്റെ സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.  സർക്കാർ വക പ്രിന്റിംഗ് ജോലികൾ കഴിഞ്ഞാൽ ബാക്കി വരുന്ന പ്രിന്റിംഗ് ജോലികൾ ഏറ്റെടുത്ത് നടത്തുന്ന സ്ഥാപനമായി ഇത് വികസിച്ചു വരികയാണ്. സർക്കാർ പ്രിന്റിംഗ് ജോലി കഴിഞ്ഞാൽ വിദ്യാർത്ഥികൾക്കുള്ള പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ്, സംസ്ഥാന സർക്കാരിനാവശ്യമായിട്ടുള്ള വിവിധ തരത്തിലുള്ള പ്രിന്റിംഗ് ജോലികൾ തുടങ്ങിയവ ചെയ്യുന്നു, റിക്കാർഡ് വേഗതയിൽ ലോട്ടറി പ്രിന്റ് ചെയ്തു കൊടുക്കാനും ലോട്ടറി പ്രിന്റിംഗിൽ വളരെ അഭൂതപൂർവ്വമായിട്ടുള്ള മുന്നേറ്റം കൈവരിക്കാനും ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. അതുപോലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും സ്ഥാപനത്തിന്റെ ബാധ്യതകൾ തീർക്കാനുമുള്ള പരിശ്രമത്തിലാണ് ഈ സ്ഥാപനം ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. . സർക്കാരിന്റെ കാര്യമായ ഇടപെടൽ വരാത്തപക്ഷം വലിയ ബുദ്ധിമുട്ടിലേയ്ക്ക് ഈ സ്ഥാപനം മാറുമെന്ന സ്ഥിതിയാണുള്ളത്. എട്ട് കോടിയോളം രൂപയുടെ ബാധ്യത ഉടൻ തീർക്കേണ്ടതായി വരുന്നുണ്ട്. അതുപോലെ തന്നെ പ്രിന്റിംഗ് ഏറ്റെടുത്ത് ചെയ്യാൻ കഴിയത്തക്ക

നിലയിൽ പുതിയ ഓഫ് സെറ്റ് പ്രിന്റിംഗ് മെഷീന്റെ ആവശ്യകത വന്നിരിക്കുന്നു. പുതിയ ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിനുവേണ്ടി ഈ സ്ഥാപനം കരാറിലേർപ്പെട്ടിട്ടുണ്ട്. 2012 സെപ്റ്റംബർ ആകുമ്പോൾ കാലാവധി പൂർത്തിയാവുകയാണ്. ഏതാണ്ട് നാലരക്കോടി രൂപ ചെലവഴിച്ചാണ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ സ്ഥാപിക്കേണ്ടത്. കാലാവധി പൂർത്തിയായികഴിഞ്ഞാൽ ഓഫ്സെറ്റ് പ്രിന്റംഗ് മെഷീൻ ലഭിക്കാനുള്ള സാധ്യത കുറയുകയാണ്. ധനകാര്യ വകുപ്പിന്റെ ക്ലിയറൻസിനും അഡ്വാൻസ് തുക കിട്ടുന്നതിനുവേണ്ടി ഒരു വലിയ പരിശ്രമം ഈ സ്ഥാപനം നടത്തിയെങ്കിലും ധനകാര്യ വകുപ്പ് കനിഞ്ഞിട്ടില്ല. ധനകാര്യ വകുപ്പ് വിവിധ കൊറിയിട്ട് ധനസഹായം നൽകുന്ന കാര്യത്തിൽ അക്ഷന്തവ്യമായ കാലതാമസമാണ് വരുത്തിക്കൊണ്ടിരിക്കുന്നത്. ഈ സ്ഥാപനത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് സാമ്പത്തിക ബാധ്യത തീർക്കാൻ സർക്കാരിൽ നിന്ന് അടിയന്തര സഹായം ലഭ്യമാക്കണം. എട്ട് കോടി രൂപ ഉടൻ കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട്. ഈ സ്ഥാപനത്തിനെതിരെ വിവിധ കോടതികളുടെ നടപടികൾ ഇപ്പോൾ ആരംഭിച്ചു കൊണ്ടിരിക്കുന്നു. ബാധ്യതയുടെ പേരിൽ പല കോടതികളും സ്ഥാവര ജംഗമവസ്തുക്കൾ അറ്റാച്ച് ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ടുനീങ്ങുകയാണ്. അതുകൊണ്ട് ഒരു അടിയന്തരസഹായം ഈ സ്ഥാപനത്തിന് നൽകുവാൻ തയ്യാറാകണം. ഗവൺമെന്റിന്റെ പ്രിന്റിംഗ് ജോലികൾ ചെയ്തുകൊടുക്കുന്ന സ്ഥാപനം എന്ന നിലയിൽ മാറി മാറി വരുന്ന എല്ലാ സർക്കാരുകളും അഡ്വാൻസ് ഈ സ്ഥാപനത്തിന് നൽകാറുണ്ട്. നാലര കോടി രൂപ അടിയന്തരമായി ലഭിച്ചാൽ വെബ് ഓഫ്സെറ്റ് കളർ മെഷീൻ വാങ്ങാനും ഈ സ്ഥാപനത്തിനു ഇപ്പോൾ വന്നിട്ടുള്ള ബുദ്ധിമുട്ട് മറികടക്കാനും കഴിയും. ഗവൺമെന്റ് അടിയന്തരമായി വൺടൈം സെറ്റിൽമെന്റിനുള്ള തുക അനുവദിക്കണം. ഈ സ്ഥാപനം വൈവിദ്ധ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി തുടങ്ങിയ പുതിയ കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തങ്ങൾ ആരംഭിക്കാനും തകർന്നുകൊണ്ടിരിക്കുന്ന സംസ്ഥാനത്തെ വിവിധ സബ്

സെന്ററുകളുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുവാനും കഴിയ ത്തക്ക നിലയിൽ ആവശ്യമായ ഇടപെടൽ നടത്തണം. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു ചർച്ചയോ കൂട്ടായ്മയോ ഇടപെടലോ ഉണ്ടായിട്ടില്ല. ശ്രീ. കെ. മുരളീധരൻ, ശ്രീ. പാലോട് രവി ശ്രീ. കെ.എൻ.എ. ഖാദർ എന്നി മെമ്പർമാർക്ക് ഈ സ്ഥാപനത്തെക്കുറിച്ച് നന്നായി അറിയാവുന്ന താണ്. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്തി മുൻകൈ എടുത്ത് ഒരു ചർച്ച നടത്തി സ്ഥാപനത്തെ കൂടു തൽ വൈവിദ്ധ്യവൽക്കരിക്കാനും ഇന്നത്തെ പ്രതിസന്ധി പരിഹരിക്കാനും സാമ്പത്തികാനുകൂല്യം ഉൾപ്പെടെ നൽകുന്നതിനുവേണ്ടിയുള്ള നട പടികൾ സ്വീകരിക്കണമെന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. അബ്ദു റബ്ബ്):</u> സർ, ഉന്നത വിദ്യാഭ്യാസത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നതും സീ-ആപ്റ്റ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നതുമായ കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് സെന്ററിന്റെ ആധുനിക രീതിയിലുള്ള യന്ത്ര സംവിധാനങ്ങളുടെ അപര്യാപ്തത പരിഹ രിക്കുന്നതിന്റെ ഭാഗമായി അത്യാധുനിക ജപ്പാൻ നിർമ്മിത മിറ്റ്സുബിഷി മൾട്ടി കളർ ഷീറ്റ് ഫെഡ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ മൾട്ടി കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ സ്ഥാപി ക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ഇതിനായി പുതിയ ബഹുനില മന്ദിരം നിർമ്മിക്കുന്നതിനായി സർക്കാർ സ്ഥാപനമായ എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയെ ഏൽപ്പി ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ലോട്ടറി വകുപ്പിൽനിന്നും നാലര കോടി രൂപ വായ്പ ലഭ്യമാക്കിക്കൊണ്ടാണ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. മൾട്ടി കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡ

സ്ട്രിയൽ എന്റർപ്രൈസസ് മുഖേന വാങ്ങാനുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ലോട്ടറി വകുപ്പിൽനിന്ന് തുക ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത മെഷീൻ സീ-അപ്റ്റിൽ സ്ഥാപിക്കും. അപ്രകാരം ആധുനിക അച്ചടി സൗകര്യം കൂടി ലഭ്യമാകുന്നതോടുകൂടി സ്ഥാപനത്തിന് ഒരു പരിധിവരെ സ്വയം പര്യാപ്തതയിൽ എത്തുവാൻ സാധിക്കും. സർക്കാരിന്റെ അച്ചടി ജോലികൾ ഗവൺമെന്റ് പ്രസ്സ്, കെ.ബി.പി.എസ്. എന്നിവയോടൊപ്പം സി-ആപ്റ്റിനേയും ഏൽപിക്കേണ്ടതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചതോടെ സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്ന അച്ചടി ജോലികൾ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ തന്നെ വിവിധ അച്ചടി ജോലികൾ കൂടുതലായി ഏറ്റെടുത്ത് നടത്താനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ ഉൽപാദനം പ്രതിവാരം 45 ലക്ഷം ടിക്കറ്റിൽനിന്നും 75 ലക്ഷം ടിക്കറ്റായി വർദ്ധിപ്പിക്കാനും ഈ ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കുവാനും സീ-ആപ്റ്റിന് കഴിഞ്ഞിട്ടുണ്ട്. ലോട്ടറി അച്ചടിക്കായി കൂടുതൽ വേരിയബിൾ ഡാറ്റാ പ്രിന്റുകൾ സ്ഥാപിച്ച് ലോട്ടറി ഉൽപാദനം ഒരു കോടി ടിക്കറ്റായി ഉയർത്തുവാനുള്ള ശ്രമം നടന്നുവരികയാണ്. വിവിധ സർക്കാർ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ഇരുന്നൂറോളം ജീവനക്കാരിൽ കുറച്ചുപേർ കാലാവധി പൂർത്തിയാക്കി മടങ്ങിയെത്തിയിട്ടുണ്ടെങ്കിലും ഡെപ്യൂട്ടേഷൻ സ്വീകരിച്ച് മറ്റ് വകുപ്പുകളിലേയ്ക്ക് പോകുകയും മറ്റു വകുപ്പുകളിൽനിന്നും ഈ വകുപ്പുകളിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ വരികയും ചെയ്യുന്ന സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നുണ്ട്. വിവിധ ഇനങ്ങളിലായി കൊടുത്തുതീർക്കാനുള്ള മുൻകാല ബാധ്യതകൾ തീർപ്പാക്കുന്നതിനായി സീ-ആപ്റ്റ് സർക്കാരിനെ സമീപിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. നഷ്ടത്തിലായിരുന്ന പല സബ്സെന്ററുകളും

നിർത്തലാക്കി അവയുടെ എണ്ണം 21 –ൽ നിന്നും എട്ടായി ചുരുക്കിയിട്ടുണ്ട്. പുതിയ മന്ദിരവും മൾട്ടി കളർ വെബ് ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീനും സ്ഥാപിതമാകുന്നതോടുകൂടി സ്ഥാപനത്തിന്റെ വളർച്ചയിൽ ഗണ്യമായ പുരോഗതി ഉണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്. ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. കെ. മുരളീധരനുമായി ഇക്കാര്യങ്ങളെക്കുറിച്ച് ഞാൻ പലതവണ സംസാരിച്ചിട്ടുള്ളതാണ്. എം.എൽ.എ. മാരുടെ യോഗം വിളിച്ചില്ലെന്നു മാത്രമേയുള്ളു. അവിടുത്തെ കാര്യങ്ങൾ യഥാസമയം വിലയിരുത്തുകയും ആവശ്യമായ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയുമാണ്. ബാദ്ധ്യതകളെല്ലാം പഴയ കാലഘട്ടങ്ങളിൽ വന്നിട്ടുള്ളതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ പറഞ്ഞ പ്രത്യേക ക്രമീകരണങ്ങൾ കൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ ലാഭകരമാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും പഴയ കടങ്ങൾ കുറേ കൊടുക്കാൻ ബാക്കിയുണ്ട്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്ക് അതിനാവശ്യമായ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട അംഗം പ്രകടിപ്പിച്ച ആശങ്കയ്ക്ക് യാതൊരടിസ്ഥാനവുമില്ല. ഈ സെന്റർ ലാഭകരമായിത്തന്നെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയും.

ശ്രീ. ബി. സത്യൻ: ഈ സ്ഥാപനം വൈവിദ്ധ്യവൽക്കരിക്കുന്നതിന് എന്തെങ്കിലും ധനസഹായം ഒരു വർഷത്തിനകം കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: ധനകാര്യ വകുപ്പിനെ സമീപിച്ചിട്ടുണ്ട്. അവർ അതിനനുകൂലമായ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

## പ്രത്യേക കോടതികൾ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കേരളത്തിൽ രാഷ്ട്രീയ കൊലപാതകങ്ങൾ വളരെ വർഷങ്ങളായി നടന്നുവരികയാണ്. രാഷ്ട്രീയ എതിരാളികളെ കായികമായി ഉൻമൂലനം ചെയ്യുക എന്ന സിദ്ധാന്തം പ്രാവർത്തികമാക്കുന്നതിൽ സംസ്ഥാനതലങ്ങളിലുള്ള നേതാക്കൾ മുതൽ താഴെക്കിടയിലുള്ളവർ വരെ ഉൾപ്പെടുന്നു. ഏതെങ്കിലും ഒരു പ്രത്യേക പാർട്ടി ഘടകത്തിൽ ചർച്ച ചെയ്യുകയോ തീരുമാനം എടുക്കുകയോ ചെയ്യാതെ സമാന്തരമായും രഹസ്യമായും ആരേയും കൊല ചെയ്യാനാവശ്യമായ എല്ലാ സംവിധാനങ്ങളും ചില രാഷ്ട്രീയ കക്ഷികൾക്കുണ്ട്. നേരത്തെ സ്വന്തം പാർട്ടി പ്രവർത്തകരെത്തന്നെ ഇത്തരം വധശിക്ഷ നടപ്പിലാക്കുവാൻ ഏൽപ്പിക്കാറായിരുന്നു പതിവെങ്കിൽ ഇപ്പോൾ ക്വട്ടേഷൻ സംഘങ്ങളുടെ സഹായം ഇതിനായി സ്വീകരിക്കപ്പെടുന്നു. കൊല നടന്നുകഴിഞ്ഞാൽ കൊന്നവരേയും കൊല്ലിച്ചവരേയും സംരക്ഷിക്കുക, കൊലയാളികളെ സുഖവാസത്തിനയച്ച് നിരപരാധികളെ പ്രതികളാക്കി ജയിലിൽ അയയ്ക്കുക, അവരുടെ കുടുംബ സംരക്ഷണം ഏറ്റെടുത്ത് സാധുജന സംരക്ഷകരായി ചമയുക, രക്തസാക്ഷികളെ സൃഷ്ടിച്ച് അനുതാപ തരംഗം തങ്ങൾക്ക് അനുകൂലമാക്കുക, കൊലപാതക രഹസ്യങ്ങൾ ചോരാതിരിക്കാൻ സ്വന്തം പാർട്ടിക്കാരെപ്പോലും കൊല്ലുന്ന പോൾപോട്ടുമാരായി അധ:പതിക്കുക, അവസാനം വ്യാജ പ്രതിപ്പട്ടിക പോലീസിനെ ഏൽപിച്ച് രക്ഷപ്പെടുക, പോലീസിലെ തന്നെ ഒരുവിഭാഗത്തെ രാഷ്ട്രീയവൽക്കരിച്ച് അവരുമായി ഗൂഢാലോചന നടത്തി കേസ് അട്ടിമറിക്കുക തുടങ്ങിയ സംഭവങ്ങൾ ഇവിടെ സർവ്വസാധാരണമായിരിക്കുന്നു. രാഷ്ട്രീയമായ മേധാവിത്വത്തിനുവേണ്ടി നടത്തുന്ന ഇത്തരം പ്രവൃത്തികൾക്കായി പണക്കൊതിയൻമാരായ ചെറുപ്പക്കാരേയും ജന്മസിദ്ധമായ കുറ്റവാസനയുള്ളവരേയും തൊഴിൽ രഹിതരായ യുവാക്കളേയും രാഷ്ട്രീയ കക്ഷികൾ പ്രയോജനപ്പെടുത്തുന്നു. എണ്ണമറ്റ കൊലപാതകങ്ങൾ ഇത്തരത്തിൽ നടന്നിട്ടുണ്ടെങ്കിലും ടി.പി. ചന്ദ്രശേഖരൻ വധത്തോടുകൂടിയാണ് കൊടും

ക്രൂരതയ്ക്കെതിരെ ജനമനസ്സുണർന്നത്. മുഴക്കുന്നിലെ ദാമോദരൻ, കൊയിലാണ്ടിയിലെ ചാത്തോത്ത് ശ്രീധരൻനായർ, ഇടുക്കിയിലെ ബേബി, ബാലു, കോട്ടയത്തെ തങ്കപ്പൻ, പൊന്നാനിയിലെ കുഞ്ഞൻ ബാവ, അട്ടമല യിലെ മുസ്തഫ, ആലിപ്പറമ്പിലെ ജനാർദ്ധനൻ, കെ. എസ്. ജയകൃ ഷ്ണൻ, തലശ്ശേരിയിലെ ഫസലും അദ്ദേഹത്തിന്റെ മൂന്ന് സ്നേഹിതൻമാ രും, അഴിയിലെ ഷുക്കൂർ തുടങ്ങിയ രാഷ്ട്രീയ എതിരാളികളാൽ നിഷ്ഠൂ രമായി കൊലചെയ്യപ്പെട്ടവരുടെ പട്ടിക വളരെ നീണ്ടതാണ്. ഏത് പാർട്ടി ചെയ്തതായാലും ഒരിക്കലും ന്യായീകരണം ഇല്ലാത്തതും മനുഷ്യത്വരഹി തവും മന:സാക്ഷിയില്ലാത്തതുമായ കാടൻ നടപടികളാണിവ .......(ബഹളം).........

<u>ശ്രീ. എ.കെ. ബാലൻ:</u> സർ,...........

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> രാവിലെ പറയേണ്ടതെല്ലാം പറഞ്ഞല്ലോ. പ്ലീസ്.... എന്താണ്?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: പോലീസ് പ്രതികളെത്തേടി അലഞ്ഞു തിരിയാറുണ്ടെങ്കിലും കൊല്ലിച്ചവരിലേയ്ക്ക് നീളുന്ന ഒരു ചെറിയ അന്വേ ഷണമെങ്കിലും ഉണ്ടായത് ചന്ദ്രശേഖരൻ വധക്കേസിലാണ്. സ്വതന്ത്രവും നിക്ഷപക്ഷവുമായ പോലീസ് സേനയും നിശ്ചയദാർഢ്യമുള്ള ഭരണാധി കാരികളുമാണ് ഇത്രയെങ്കിലും....... (ബഹളം)......

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പോയിന്റ് ഓഫ് ഓർഡർ.... കെ.എൻ.എ. ഖാദർ പ്ലീസ്...

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> ഇവിടെ ബഹുമാനപ്പെട്ട കെ.എൻ.എ. ഖാദർ നൽകിയ ശ്രദ്ധക്ഷണിക്കൽ സമയബന്ധിതമായി കേസ്സുകൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക കോടതികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ്. ഇവിടെ അദ്ദേഹം ചന്ദ്രശേഖരന്റെ കൊലപാ

തകവുമായി ബന്ധപ്പെട്ട്, വസ്തുതയുമായി ബന്ധപ്പെടാത്ത കാര്യങ്ങളാണ് പരാമർശിക്കുന്നത്. മാത്രമല്ല മലപ്പുറം ജില്ലയിലെ കുനി എന്നുപറയുന്ന പ്രദേശത്ത് ഇരട്ടക്കൊലപാതകം നടത്തിയ ഭരണകക്ഷി എം.എൽ.എ. അപ്പുറത്ത് ഇരിക്കുകയാണ്. എന്നിട്ട് അതുമായി ബന്ധപ്പെട്ട എസ്.ഐ. യെ ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. അതൊന്നും പറയാതെ ഇക്കാര്യ ങ്ങൾ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിന്റെ ഭാഗമായി പറയുന്നത് സഭാനടപ ടികൾക്കും ചട്ടത്തിനും വിരുദ്ധമാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഇത് അങ്ങയുടെ അഭിപ്രായം മാത്രമാണ്. ഇതിൽ എന്ത് പോയിന്റ് ഓഫ് ഓർഡർ ഉള്ളത്? ഇത് ബഹുമാനപ്പെട്ട എ. കെ. ബാലന്റെ അഭിപ്രായം മാത്രമാണ്.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സ്വതന്ത്രവും നിക്ഷ്പക്ഷവുമായ പോലീസ് സേനയും നിശ്ചയദാർഢ്യമുള്ള ഭരണാധികാരികളുമാണ് ഇത്ര യെങ്കിലും വഴിതെളിച്ചത്. ഇന്നേവരെ ഇത്തരം കേസ്സുകളിൽ ശിക്ഷിക്ക പ്പെട്ടിട്ടുള്ള യഥാർത്ഥ പ്രതികൾ കുറവാണ്. പോലീസിനേയും കോടതിക ളേയും നിയമപാലകരേയും ഭീഷണിപ്പെടുത്തിയും അവരുടെ മനോവീര്യം കെടുത്തിയും ഇത്തരം കുറ്റവാളികൾ പലപ്പോഴും രക്ഷപ്പെട്ടിട്ടുണ്ട്. ആ രീതി ഇനിയും തുടരാൻ കഴിയുമെന്നാണ് പലരും കരുതുന്നത്. ഇന്ത്യൻ ഭരണഘടനയും നിയമങ്ങളും അനുശാസിക്കുന്ന തരത്തിലും ജനാധിപത്യ കീഴ്വഴക്കങ്ങൾക്കനുസരിച്ചും രാഷ്ട്രീയ പ്രവർത്തനം നടത്തുവാൻ ഇന്ത്യയിൽ രജിസ്റ്റർ ചെയ്യപ്പെട്ട പാർട്ടികൾ നിർബന്ധിതരാണ്. ആക്രമ ങ്ങളും കൊലപാതകങ്ങളും ഉൾപ്പെടെയുള്ള ഏതൊരു ക്രിമിനൽ കുറ്റവും കുറ്റമായിത്തന്നെ കാണേണ്ടതാണ്. അത് ചെയ്തവരും ചെയ്യിച്ചവരും അതിന് സഹായിച്ചവർ ആരായിരുന്നാലും നിയമങ്ങൾക്ക് അതീതരല്ല. നിയമം അനുശാസിക്കുന്ന ഏറ്റവും വലിയ ശിക്ഷ ഇത്തരം കുറ്റവാളി കൾക്ക് നൽകുവാൻ പലപ്പോഴും കഴിയാതെ പോയിട്ടുണ്ട്. പ്രത്യേക അന്വേഷണസംഘം മാത്രം പോര. ഇത്തരം കുറ്റകൃത്യങ്ങൾ അതിവേഗം

വിചാരണ ചെയ്തുതീർപ്പു കൽപിക്കുവാൻ പ്രത്യേക കോടതികൾ തന്നെ ഒരു നിശ്ചിത കാലാവധിവരെയെങ്കിലും സ്ഥാപിച്ചു പ്രവർത്തിപ്പിക്കണം. 1968 മുതലാണ് രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം കൂടിയത്. കഴിഞ്ഞ 25 വർഷക്കാലത്തിനുള്ളിലെങ്കിലും ഉണ്ടായ സകല രാഷ്ട്രീയ കൊലപാതകങ്ങളും അതിനുവേണ്ടി നടത്തിയ ശ്രമങ്ങളും അന്വേഷിക്കപ്പെടണം. ഒരു ജുഡീഷ്യൽ കമ്മീഷനെ ഈ കേസ്സുകൾ ഏതെന്നു കണ്ടെത്തുവാൻ ചുമതലപ്പെടുത്തുന്നതായി മനസ്സിലാക്കുന്നു. അത്തരം കമ്മീഷനുകൾ ഇനിയും അന്വേഷണത്തിന് കാലതാമസം വരുത്തുമെന്ന് ഞാൻ ഭയപ്പെടുന്നു. അതില്ലാതെ തന്നെ പോലീസ് സേനയ്ക്ക് അന്വേഷണ വിധേയമാക്കേണ്ടുന്ന കേസ്സുകൾ തിരിച്ചറിയാൻ കഴിയും. കോടതികളിൽ കേസ്സുകൾ കെട്ടിക്കിടക്കുന്നതിനാലും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളും സ്റ്റാഫും ഇല്ലാത്തതിനാലും കോടതികളും പ്രയാസത്തിലാണ്. അവയ്ക്ക് പ്രത്യേകം പരിഹാരം കാണണം. സാധാരണ കോടതികൾക്ക് ഇത്തരം കേസ്സുകളിൽ പ്രത്യേകമായ ശ്രദ്ധ ചെലുത്തുവാനോ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുവാനോ കഴിഞ്ഞെന്ന് വരില്ല. അതുകൊണ്ടാണ് പ്രത്യേക കോടതി ആവശ്യപ്പെടുന്നത്. നമ്മുടെ പോലീസ് സേനയ്ക്കും സി.ബി.ഐ.യെപ്പോലെ വിശ്വാസ്യതയുള്ളവരാകാൻ കഴിയും. അവരെ രാഷ്ട്രീയ ചങ്ങലകളിൽനിന്നും മോചിപ്പിക്കണം. രാഷ്ട്രീയ പാർട്ടികളാണ് മാറിമാറി രാജ്യം ഭരിക്കുന്നത്. അത്തരം പാർട്ടികളും നേതാക്കളും അടിമുടി കുറ്റവിമുക്തരാകണം. ഭരണാധികാരികളായിത്തീരുന്ന രാഷ്ട്രീയ നേതൃത്വം ജനാധിപത്യത്തിലും നിയമ വ്യവസ്ഥയിലും സാമൂഹിക നീതിയിലും മനുഷ്യത്വത്തിലും വിശ്വസിക്കാതെ വന്നാൽ പിന്നെ സാധാരണ പൗരന്മാർക്ക് ആരാണ് സുരക്ഷിതത്വം നൽകുന്നത്?

"കാഞ്ചുപോന ഭൂമിയെല്ലാം

വത്താത്ത നദികളൈപ്പാർത്ത് ആറുതലടൈയും

അന്ത നദിയെ വത്തിവിട്ടാൽ

ദുൻപപടുകിറവങ്കയെല്ലാം അവങ്ക കവലയെ

ദൈവത്തിക്കിട്ട മുറയിടുവാങ്ക

അന്ത ദൈവമേ കലങ്കിനിന്റാൽ

ആരാലെ ചൊല്ലി ആറുതലടൈയും"

എന്ന് ഒരു പാട്ടിലെ വരിയുണ്ട്. അതുപോലെ രാഷ്ട്രീയ നേതൃത്വം കുറ്റ വിമുക്തരായിത്തീരേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ട് ഈ കേസ്സുകൾക്ക് പ്രാധാന്യം നൽകി അതിനുവേണ്ടി പ്രത്യേകമായ കോടതി സ്ഥാപിക്കേണ്ടുന്നതിന്റെ ആവശ്യകതയിലേയ്ക്ക് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, രാഷ്ട്രീയ കൊലപാതകങ്ങൾ വിചാരണ ചെയ്യുന്നതിന് പ്രത്യേക കോടതി വേണം, ആ കേസ്സുകൾ ശരിയായ വിധത്തിൽ, വേഗത്തിൽ നടത്തണമെന്നുള്ള ആശയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചത്. അതിനോട് പൂർണ്ണമായും യോജിക്കുകയാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ ഒരു വിധത്തിലും നമുക്ക് അംഗീകരിക്കാനാവില്ല. എല്ലാ രാഷ്ട്രീയ പാർട്ടികളും മനുഷ്യനന്മയ്ക്കും സമൂഹത്തിന്റെ പുരോഗതിക്കും വേണ്ടിയാണ് പ്രവർത്തിക്കുന്നത്. അങ്ങനെയുള്ളവർ തെറ്റായ ഒന്നിലേയ്ക്ക് പോകുന്നതിനോട് ഒരു വിധത്തിലും യോജിക്കാൻ നിവൃത്തിയില്ല. ആരെങ്കിലും പോയാൽ അവരെ നിയമത്തിന്റെ മുമ്പിൽ എത്രയും വേഗത്തിൽ കൊണ്ടുവരണം എന്നു പറയുന്ന ആശയത്തോടും യോജിക്കുകയാണ്. പക്ഷേ നിയമ നിർവ്വചനങ്ങളിൽ രാഷ്ട്രീയ കൊലപാതകം എന്ന തരത്തിൽ ക്രിമിനൽ കുറ്റം നിർവ്വചിച്ചിട്ടില്ല. നിയമത്തിൽ അത് സാധാരണ മർഡർ കേസ്സായ 302-ാം വകുപ്പ് തന്നെയാണ്. കൊല്ലപ്പെടുന്ന ആളും കൊലചെയ്യുന്ന ആളും വ്യത്യസ്ത രാഷ്ട്രീയ പാർട്ടിയിൽപ്പെടുന്നവരോ അനുഭാവികളോ ആകുമ്പോൾ രാഷ്ട്രീയ അഭിപ്രായ വ്യത്യാസത്തെ തുടർന്നുണ്ടാകുന്ന കൊലപാതക

ങ്ങളെ രാഷ്ട്രീയ കൊലപാതകങ്ങളെന്ന നിലയിൽ വിമർശിക്കുകയും പരാമർശിക്കുകയും ചെയ്യാറുണ്ട്. ഓരോ സമയത്തും ഓരോ കേസ്സുകളിൽ ഉൾപ്പെട്ട വ്യക്തികളുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ കൊലപാതകമാണോ എന്ന് അതിനെ വ്യാഖ്യാനിക്കുകയും നിർവ്വചിക്കുകയും ചെയ്യുന്നത് ദുഷ്കരമാണ്. അത്തരം വ്യാഖ്യാനങ്ങൾ ദുരുപയോഗപ്പെടുത്താനുള്ള സാധ്യത വളരെക്കൂടുതലുമാണ്. അത് നിരവധി പരാതികൾക്ക് വഴിവയ്ക്കുകയും ചെയ്യും. കൂടാതെ ഇതിൽ ഉൾപ്പെടുന്ന ആളുകൾ രാഷ്ട്രീയ കുറ്റവാളികളല്ലെങ്കിൽ രാഷ്ട്രീയ തടവുകാർ എന്നുംമറ്റും പരാമർശിക്കപ്പെടും. മേൽപ്പറഞ്ഞ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ കൊലപാതകങ്ങൾക്കുവേണ്ടി പ്രത്യേക ഒരു കോടതി എന്നുള്ളത് എത്രമാത്രം പ്രായോഗികമാകുമെന്ന് എനിക്ക് സംശയമുണ്ട്. പക്ഷേ സമൂഹത്തിൽ വളരെയധികം ശ്രദ്ധിക്കപ്പെടുകയും വളരെയധികം അമർഷവും പ്രതിഷേധവുമുണ്ടാകുന്ന കാര്യങ്ങൾ അനന്തമായി നീണ്ടുപോയി അതിൽ പ്രതികൾ രക്ഷപ്പെടുന്ന അല്ലെങ്കിൽ അതിന്റെ ഗൗരവം കുറഞ്ഞുപോകുന്ന സാഹചര്യം ഒരിക്കലും ഉണ്ടാകാനും പാടില്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം ഉൾക്കൊള്ളുന്നു, പക്ഷേ അതിന് അദ്ദേഹം പറഞ്ഞ നിർദ്ദേശം പ്രായോഗികമാണോ എന്ന് സംശയമാണ്. പ്രത്യേക കോടതിയെന്നുള്ള നിർദ്ദേശം പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ ബുദ്ധിമുട്ടുകളുണ്ടെന്നാണ് ഇപ്പോഴത്തെ പരിശോധനയിൽ കാണുന്നത്. അതേസമയം ഇതുപോലുള്ള കേസ്സുകൾ വളരെ ശ്രദ്ധയോടുകൂടി കൈകാര്യം ചെയ്ത് കുറ്റവാളികളെ സമൂഹത്തിന്റെ മുമ്പിൽ കൊണ്ടുവരുന്നതിന് ഫലപ്രദമായ നടപടികൾ, വേഗത്തിൽ തീരുമാനമുണ്ടാകത്തക്ക വിധത്തിലുള്ള നടപടികൾ എന്നുള്ള ആശയം ഉൾക്കൊണ്ടുകൊണ്ട് ഗവൺമെന്റിന് എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് പ്രത്യേകം പരിശോധിക്കുമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. കെ.എൻ.എ.ഖാദർ : സർ, 1968 മുതൽ നടന്നിട്ടുള്ള രാഷ്ട്രീയ കൊലപാതകങ്ങളുടെ എണ്ണം തിട്ടപ്പെടുത്താനും അത്തരം കേസ്സുകളിൽ എത്ര പ്രതികൾ ശിക്ഷിക്കപ്പെട്ടു, എത്ര എണ്ണത്തിൽ ശിക്ഷിക്കപ്പെട്ടു എന്ന കാര്യങ്ങൾ പരിശോധിക്കാൻ സർക്കാർ ഒരു ശ്രമം നടത്തുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ 2001 മുതലുള്ള, കഴിഞ്ഞ പതിനൊന്ന് വർഷത്തെ കണക്കുകൾ ആവശ്യപ്പെട്ടിരുന്നു. 130 രാഷ്ട്രീയ കൊലപാതകങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇതിൽ 76 രാഷ്ട്രീയ കൊലപാതക കേസ്സുകൾ ഇപ്പോൾ വിവിധ കോടതികളിൽ വിചാരണയിലാണ്. വിചാരണയിന്മേലുള്ള കേസ്സുകളിൽ ഏറ്റവും പഴക്കമുള്ളത് 1997 -ൽ ചാർജ്ജ് കൊടുത്ത കേസ്സാണ്. രാഷ്ട്രീയ കൊലപാതക കേസ്സുകളെല്ലാം ജില്ലാ സെഷൻസ് കോടതികളിലും ഫാസ്റ്റ് ട്രാക്ക് കോടതികളിലുമാണ് വിചാരണയ്ക്കായി വന്നിട്ടുള്ളത്. ഈ കോളിംഗ് അറ്റൻഷന്റെ പിന്നിലുള്ള വികാരം ഉൾക്കൊള്ളുന്നു. അത് എത്രമാത്രം വിജയകരമായി നടപ്പിലാക്കാൻ പറ്റുമെന്നുള്ളത് ഹൈക്കോടതിയുമായി ആലോചിച്ച് തീരുമാനിക്കും. ഞാൻ ഇവിടെ പറഞ്ഞ കണക്കുകൾതന്നെ ബഹുമാനപ്പെട്ട മെമ്പർ ഈ പ്രശ്നം ഇവിടെ കൊണ്ടുവരുന്നതിന് ഇടയായ സാഹചര്യം ന്യായീകരിക്കുന്നതാണ്. 1997-ലെ കേസ്സ്, പതിനഞ്ച് കൊല്ലമായ കേസ്സ് വിചാരണ പൂർത്തിയായിട്ടില്ല. ഈ കോളിംഗ് അറ്റൻഷൻ ഇവിടെ കൊണ്ടുവരാൻ ഇടയായ സാഹചര്യം ന്യായീകരിക്കുന്നതാണ് ഈ കണക്ക്. നിശ്ചയമായും അതിന് എന്താണ് പോംവഴി എന്നത് ഹൈക്കോടതിയുമായി ആലോചിച്ച് തീരുമാനിക്കും.

(സബ്മിഷൻ)

* * * * * * * * * * * * * * *